## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.4220 — 20-03-2018 ൽ മറുപടിയ്ക്ക്

### ഹജ്ജ് തീർത്ഥാടകരെ സഹായിക്കുന്നതിന് വനിത വോളണ്ടിയർമാർ

| ചോദ്യം<br>ശ്രീ. ടി. വി. ഇബ്രാഹിം | | മറുപടി<br>ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) ഹജ്ജ് തീർത്ഥാടകരെ സഹായിക്കുന്നതിന് വേണ്ടി ഈ വർഷം വനിതകളെയും വോളണ്ടിയർമാരായി നിയമിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | ഉണ്ട്. ഈ വർഷത്തെ (2018) കേരളത്തിൽ നിന്നുള്ള ഹജ്ജ് തീർത്ഥാടകർക്ക് യാത്രാവേളയിലും തുടർന്ന് മക്ക, മദീന, മറ്റു പുണ്യസ്ഥലങ്ങൾ എന്നിവിടങ്ങളിലും സേവനം ചെയ്യുവാൻ താല്പര്യവും പ്രാപ്തിയുമുള്ള സർക്കാർ മുസ്ലിം ജീവനക്കാരിൽ നിന്നും ഹജ്ജ് വോളണ്ടിയർമാരായി തെരഞ്ഞെടുക്കപ്പെടുന്നതിന് ഓൺലൈൻ ആയി ഉചിതമാർഗ്ഗേന അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഈ വർഷം വനിതകൾക്ക് കൂടി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ആകെ അനുവദിക്കുന്ന വോളണ്ടിയർമാരുടെ എണ്ണത്തിൽ 2% വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. |
| ബി) കേരളത്തിൽ നിന്നുള്ള തീർത്ഥാടകരെ സഹായിക്കുന്നതിനുള്ള വനിതാ വോളണ്ടിയർമാരെ തെരഞ്ഞെടുക്കുന്നത് സംസ്ഥാന സർക്കാർ/ഹജ്ജ് കമ്മിറ്റി വഴിയാണോയെന്നറിയിക്കാമോ; ഇതിന്റെ നിയമന രീതി വിശദമാക്കാമോ; | ബി) | കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി ഉചിത മാർഗ്ഗേന ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കഴിവും പ്രാപ്തിയും, ഭാഷാ നൈപുണ്യവും ഉള്ളവരെയാണ് തെരഞ്ഞെടുക്കുന്നത്. |

| | | | |
|---|---|---|---|
| സി) | വനിതാ ഹജ്ജ് വോളണ്ടിയർ മാരായി നിയമനം ലഭിക്കാനുള്ള യോഗ്യത എന്തെന്നും, ഏതെല്ലാം വകുപ്പുകളിൽ നിന്ന് ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെടാം തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ? | സി) | വോളണ്ടിയർമാരായി (പുരുഷ/വനിത) നിയമനം ലഭിക്കാനുള്ള യോഗ്യതകൾ താഴെ പറയുന്നവയാണ്.<br><br>1) അപേക്ഷകർ 01-07-18 ന് 25-നും 58 വയസ്സിനും ഇടയിൽ പ്രായമുള്ളവരായിരിക്കണം.<br>2) ഹജ്ജ് /ഉംറ നിർവ്വഹിച്ചവരായിരിക്കണം. ഹജ്ജ് സംബന്ധമായ കാര്യങ്ങളിൽ നല്ല അറിവ് ഉണ്ടായിരിക്കേണ്ടതാണ്.<br>3) അറബിഭാഷാ പരിജ്ഞാനമുള്ളവർക്ക് മുൻഗണന.<br>4) പൂർണ്ണമായ മാനസിക ശാരീരിക ആരോഗ്യമുള്ളവരായിരിക്കണം.<br>5) സർക്കാർ, പൊതുമേഖല, സ്റ്റാറ്റ്യൂട്ടറി ബോഡി എന്നിവയിൽ ജോലി ചെയ്യുന്നവർ മാത്രമേ അപേക്ഷ സമർപ്പിക്കാൻ പാടുള്ളൂ. താൽക്കാലിക / പാർട്ട് ടൈം / സീസണൽ /കരാർ / അഡ്ഹോക് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ അപേക്ഷിക്കാൻ അർഹരല്ല. |

സെക്ഷൻ ഓഫീസർ